**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുടിശ്ശികയുള്ള ഭരണച്ചെലവുകൾ വഹിക്കുന്നത് - സംബന്ധിച്ച്.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ).409/16/തസ്വഭവ — തിരുവനന്തപുരം, തീയതി, 1.2.2016

പരാമർശം: മിഷൻ ഡയറക്ടറുടെ 28.01.2016 തീയതിയിലെ 2728/ഇ.ജി.എസ്.ബി./15/ ആർ.ഇ.ജി.എസ്. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്കുള്ള ശമ്പളം മറ്റ് ഭരണച്ചെലവുകൾ എന്നിവ ഫണ്ടിന്റെ അപര്യാപ്തതമൂലം 2015 ഡിസംബർ മാസം മുതൽ നാളിതുവരെ നൽകാൻ സാധിച്ചിട്ടില്ല എന്നും, ഇതിനെത്തുടർന്ന് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നാലായിരത്തോളം കരാർ ജീവനക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ടെലഫോൺ/ഇന്റർനെറ്റ് ചാർജ്ജുകൾ ഒടുക്കാത്തതിനാൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രസ്തുത സംവിധാനങ്ങൾ വിച്ഛേദിക്കുന്ന സാഹചര്യമാണെന്നും ആയതിനാൽ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കുടിശ്ശികയുള്ള ഭരണച്ചെലവുകൾ വഹിക്കുന്നതിനും, കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ തുക തിരികെ തനത്/ജനറൽ പർപ്പസ് ഫണ്ടിലേക്ക് വകയിരുത്തുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്ന് സൂചന പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ കരാർ/ദിവസ വേതന ജീവനക്കാരുടെ കുടിശ്ശിക ശമ്പളം, മറ്റ് അത്യാവശ്യ ഭരണച്ചെലവുകൾ എന്നിവ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട് അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിച്ച് ക്രമീകരിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി.

To

1. ഡയറക്ടർ ഓഫ് പഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3. എല്ലാ ജില്ലാകളക്ടർമാർക്കും
4. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
5. എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തുമാർക്കും
6. എല്ലാ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
9. ഡയറക്ടർ, ഐ.കെ.എം.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ